# പതിമൂന്നാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *355 — 14.07.2015 ൽ മറുപടിക്ക്

## റെയിൽവേ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>,, എം. ഹംസ<br>,, കെ.കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ റെയിൽവേയുടെ പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണ പദ്ധതികൾ എന്നിവയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ; | (എ) | പാത ഇരട്ടിപ്പിക്കൽ സംബന്ധിച്ച നിലവിലെ അവസ്ഥ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.<br>**വൈദ്യുതീകരണം**<br>ഷൊർണ്ണൂർ-കണ്ണൂർ വൈദ്യുതീകരണ പ്രവർത്തി പുരോഗമിക്കുന്നു. ഷൊർണ്ണൂർ - കോഴിക്കോട് വരെയുള്ള സെക്ഷൻ ഉടൻ കമ്മീഷൻ ചെയ്യുകയും ബാക്കിയുള്ളത് മാർച്ച് 2016 നോടുകൂടി കമ്മീഷൻ ചെയ്യുകയും ചെയ്യും. കണ്ണൂർ- മംഗലാപുരം വൈദ്യുതീകരണ പ്രവർത്തി 2016 ജൂൺ മാസത്തിൽ കമ്മീഷൻ ചെയ്യത്തക്ക രീതിയിൽ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ ഏതുവർഷം മുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | **പാതഇരട്ടിപ്പിക്കൽ**<br>മുളംതുരുത്തി - കുറുപ്പന്തറ - 2005-2006<br>കുറുപ്പന്തറ - ചിങ്ങവനം - 2007-2008<br>ചിങ്ങവനം - ചെങ്ങന്നൂർ - 2006-2007<br>ഹരിപ്പാട് - അമ്പലപ്പുഴ - 2007-2008<br>എറണാകുളം - കുമ്പളം - 2010-2011<br>കുമ്പളം - തുറവൂർ - 2011-2012<br>**വൈദ്യുതീകരണം**<br>ഷൊർണ്ണൂർ - കണ്ണൂർ - 2011-12<br>കണ്ണൂർ - മംഗലാപുരം - 2011-12 |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തിന്റെ ഭാഗത്തു നിന്നുള്ള അലംഭാവം കാരണം പാതയിരട്ടിപ്പിക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്തിന്റെ ഭാഗത്ത് നിന്നും ഇക്കാര്യത്തിൽ അലംഭാവം ഉണ്ടായിട്ടില്ല. ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും സ്ഥലമേറ്റെടുത്ത് റെയിൽവേക്ക് നല്കുന്നതിനുണ്ടായ തടസ്സങ്ങളും കാരണമാണ് പാതയിരട്ടിപ്പിക്കൽ, ഗേജ്മാറ്റം തുടങ്ങിയ പണികൾ പൂർത്തിയാകാത്തതെന്ന് വിലയിരുത്തുകയും, ഈ പണികൾക്ക് കൃത്യമായി ആവശ്യമായ തുകകൾ ലഭ്യമാക്കി റെയിൽവേ പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് ത്വരിതപ്പെടുത്താനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുമുണ്ട്. |
| (ഡി) | സംസ്ഥാനത്തെ റെയിൽവേ ലൈനിന്റെ ശേഷിയുടെ എത്ര ശതമാനമാണ് ഇപ്പോഴത്തെ ഗതാഗതനിരക്കെന്ന് വ്യക്തമാക്കാമോ; | (ഡി) | പാലക്കാട് ഡിവിഷന്റെ ലൈൻ ശേഷിയുടെ ഇപ്പോഴത്തെ ഗതാഗത നിരക്കിന്റെ ശതമാനം (Line Capacity Certificate) താഴെചേർക്കുന്നു.<br>പോടന്നൂർ - പാലക്കാട് - 127.5%<br>പാലക്കാട് - ഷൊർണ്ണൂർ - 101.%<br>ഷൊർണ്ണൂർ - കോഴിക്കോട് - 88.5%<br>കോഴിക്കോട് - കണ്ണൂർ - 86.%<br>കണ്ണൂർ - നേത്രാവതി - 76.%<br>തിരുവനന്തപുരം ഡിവിഷന്റെ ലൈൻ ശേഷിയുടെ ഇപ്പോഴത്തെ ഗതാഗത നിരക്കിന്റെ ശതമാനം (Line Capacity Certificate) |

| | | | |
|---|---|---|---|
| | | | താഴെചേർക്കുന്നു.<br>ഷൊർണൂർ- തൃശ്ശൂർ - 97 %<br>തൃശ്ശൂർ - എറണാകുളം - 102 %<br>എറണാകുളം - പിറവം റോഡ് - < 90 %<br>പിറവം റോഡ് - ചെങ്ങന്നൂർ - 126 %<br>കായംകുളം - ചെങ്ങന്നൂർ - 82%<br>കായംകുളം - കൊല്ലം -82 %<br>കൊല്ലം - തിരുവനന്തപുരം - 74%<br>തിരുവനന്തപുരം- നാഗർകോവിൽ - 95%<br>എറണാകുളം - ആലപ്പുഴ - 108%<br>ആലപ്പുഴ- കായംകുളം - 95% |
| (ഇ) | സുഗമമായ ഗതാഗതത്തിന് പുതിയ തീവണ്ടികൾ അനുവദിക്കപ്പെട്ടിട്ടുണ്ടോ; അനുവദിച്ചാൽ ഇന്നത്തെ അവസ്ഥയിൽ സുഗമമായി സർവ്വീസ് നടത്താൻ സാധ്യമാകുമോ; വിശദാംശം വ്യക്തമാക്കാമോ? | (ഇ) | ലൈൻ ശേഷിയുടെ നൂറ് ശതമാനത്തിലധികം ഗതാഗത നിരക്കുള്ള സെക്ഷനുകളിൽ പുതിയ ട്രെയിനുകൾ ഏർപ്പെടുത്തുന്നത് സെക്ഷനുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കും. മറ്റ് സെക്ഷനുകളിൽ പുതിയ ട്രെയിനുകൾ ഏർപ്പെടുത്തുന്നത് സാധ്യമാണ്. പാത ഇരട്ടിപ്പിക്കൽ, പാതയുടെ വൈദ്യുതീകരണം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് സർവ്വീസുകൾ കൂടുതൽ സുഗമമാകുമെന്ന് പ്രതീക്ഷിക്കുന്നു. 50:50 ഓഹരിയിൽ സംസ്ഥാന സർക്കാരിനോട് ചേർന്ന് സബർബൻ റെയിൽ പദ്ധതി നടപ്പാക്കണമെന്ന് റെയിൽവേയോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് പദ്ധതി നടപ്പിലാക്കാൻ സാധിച്ചാൽ ഹ്രസ്വദൂര യാത്രക്കാർക്ക് കൂടുതൽ സുഗമമായ ട്രെയിൻ യാത്രാ സൗകര്യം ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

Present status ( Detailed) Doubling of Railway Tracks- Ernakulam - Kayamkulam Via . Kottayam and Alappuzha

| Name of Work | District | Area of Land | | | Remarks |
|---|---|---|---|---|---|
| | | Total (Hector) | Acquired and Handed over to Railways | Balance | |
| Mulanthuruthy - Kuruppanthara | Kottayam | 7.9211 | 7.5215 | 0.3996 | The progress of Land acquisition is pending with the District Collector Kottayam |
| Kuruppanthara - Chingavanam | Kottayam | 15.1158 | 2.3317 | 12.7841 | *Out of 15. 1158 hectors of land 2.1328 hectors of land was handed over to Railways till date. All the L A process were completed for this reach . The Railways is not taking possession of the land . They were on the stand that the land in the second reach is not required now as there is no sufficient funds available with them. The District collector Kottayam informed that the land Acquisition in Nattakom, Panachikkadu , Muttambalam and Perumbaikkadu Villages became denova.* |
| Chingavanam- Chengannur | Kottayam | 10.5462 | 10.5462 | 0.0000 | Fully handed over. |

| | | | | | |
|---|---|---|---|---|---|
| Chengannur-Chingavanam Doubling | Pathanamthitta | 7.9547 | 6.9305 | 1.0242 | 1. <u>Balance -00.1330 hectors of land in Thiruvalla Village</u><br>(A) Structural valuation in S No. 290/93 is not yet received from the Railways ( 0.0470 hectors)<br>(B) Dispossession of land in Sy. No. 215/48 is stayed by Hon'ble High Court in WP c 5124/11. Counter Affidavit filed ( 0.0860 hectors)<br>II. <u>Balance - 00.9772 Hectors of land in Kuttappuzha Village</u><br>(A) Structural valuation of 00.7032 Hectors of land is yet to be received from Railways<br>(B) 00.2740 Hectors of land couldn't hand over to Railways because High Court Stay<br>III. Balance 00.1169 Hectors of land in Kuttappuzha Village(Additional Acquisition)<br>(A) Declaration for an extent of 00.1169 Hectors was issued. Pending with DC, PTA |
| Harippad-Ambalappuzha Doubling | Alappuzha | 21.5080 | 21.3572 | 0.1508 | The Land Acquisition of 00.1508 Hectors of land is stayed by Hon'ble High Court |
| Mulamthuruthy Kuruppanthura Doubling | Ernakulam | 5.2863 | 5.2863 | 0.0000 | Fully Handed over to Railways |
| Ernakulam-Kumbalam Doubling | Ernakulam | 9.25 | Preliminary stage | 9.25 | Ernakulam Village → 00.80 hectors<br>Elamkulam Village → 01.70 hectors<br>Kumbalam Village → 02.10 hectors<br>Kumbalam Village → 02.15 hectors |

| | | | | | |
|---|---|---|---|---|---|
| | | | | | Maradu village → 02.50 hectors<br>Grand Total--------> 09.25 hectors<br>The Land Acquisition is pending with the District Collector ,Ernakulam and with the Railways/ Railways is not yet finalized the alignment. *Railways requested for providing land free of cost as well as for bearing 50% cost of the work by the State Government* |
| Kumbalam-Thuravur Doubling | Alappuzha | 11.13 | Preliminary Stage | 11.13 | Arror Village<br>Ezhupunna Village<br>Kuthiyathodu Village<br>Kodumthuruthu Village<br><br>The Land Acquisition is pending with the District Collector ,Alappuzha and with the Railways/ Railways is not yet finalized the alignment. *Railways requested for providing land free of cost as well as for bearing 50% cost of the work by the State Government* |

സെക്ഷൻ ഓഫീസർ